# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.919 08.01.2014-ൽ മറുപടിക്ക്**

**വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന പ്രതിമാസ വരുമാനം**

| ചോദ്യം<br>ശ്രീമതി. കെ.എസ്.സലീഖ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ. വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന പ്രതിമാസ വരുമാനം നിലവിൽ എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കുമോ; | എ. കേരള ജല അതോറിറ്റി 33.15 കോടി രൂപയാണ് പ്രതിമാസം വെള്ളക്കരം ഇനത്തിൽ പ്രതീക്ഷിക്കുന്നത്. |
| ബി. ശമ്പളം, പെൻഷൻ അറ്റകുറ്റപ്പണികൾ, വൈദ്യുതി, എന്നിവയ്ക്ക് പ്രതിമാസം ചെലവ് എത്ര കോടി രൂപയാണ് വ്യക്തമാക്കുമോ ; | ബി. കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ചിലവുകൾ താഴെ ചേർക്കുന്നു<br>1. ശമ്പളം - 21.50 കോടി രൂപ<br>2.പെൻഷൻ - 9.50 കോടി രൂപ<br>3. അറ്റകുറ്റപ്പണികൾ - 6.56 കോടി രൂപ<br>4. വൈദ്യുതി - 20.00 കോടിരൂപ<br>5.ലോണുകളുടെ തിരിച്ചടവ് - 9.50 കോടി രൂപ<br>6.മറ്റ് എസ്റ്റാബ്ലിഷ് മെന്റ് ചിലവുകൾ - 17.51 കോടി രൂപ<br>-----------------<br>മൊത്തം - 84.57 കോടി രൂപ |
| സി. 2013-14 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പദ്ധതിയേതര വിഹിതമായി നീക്കി വെച്ചിട്ടുള്ളത് ആയതിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്താമാക്കുമോ; | സി. 198.65 കോടി രൂപയാണ് കേരള വാട്ടർ അതോറിറ്റിക്ക് 2013-14 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതമായി നീക്കിവച്ചിട്ടുള്ളത് ആയതിൽ 178.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി. | ജല അതോറിറ്റിയിൽ സാമ്പത്തിക പ്രതിസന്ധി യുണ്ടോ ; വ്യക്തമാക്കുമോ; | ഡി. | ഉണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് പ്രതിമാസം 26.44 കോടി രൂപ റവന്യൂ കമ്മിയുണ്ട് |
| ഇ. | ജല അതോറിറ്റിക്ക് കുടിശ്ശിക യിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയാണ്; ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ, പൊതുമേഖലാ, സ്വകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ; | ഇ. | 31.10.2013 വരെയുള്ള കണക്കുകൾ പ്രകാരം വെള്ളക്കരയിനത്തിൽ പിഴയും, പിഴപ്പലിശയും ഉൾ പ്പെടെ 394 കോടി രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കണക്കാക്കുന്നു. നിലവിലെ കണക്കു പ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനം KHRWS ആണ്. തരം തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു |
| എഫ് | കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്നും ആയതുവഴി എന്തു തുക പിരിച്ചെടുത്തു വെന്നും വ്യക്തമാക്കുമോ? | എഫ്. | കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉപഭോക്താക്കൾക്ക് പിഴപ്പലിശയിൽ ഇളവുകൾ നൽകുകയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിന് സൗകര്യം നൽകുകയും ചെയ്യുന്നുണ്ട്. വിച്ഛേദന അറിയിപ്പുകൾ നൽകിയിട്ടും കുടിശ്ശിക തീർപ്പാക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുകയും എന്നിട്ടും കുടിശ്ശിക ഒടുക്കാത്ത ഉപഭോക്താക്കളുടെ മേൽ റവന്യൂ റിക്കവരി നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കുടിശ്ശിക ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ കണക്ക് പ്രത്യേകമായി സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ